## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.150 30.09.2011 - ൽ മറുപടിയ്ക്ക്

## എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ആശ്വാസ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ബി. അബ്ദുൾ റസാക്<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:<br>ശ്രീ. പി.കെ.ബഷീർ<br>ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി: | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) എൻഡോസൾഫാൻ ഇരകളായവർക്ക് സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി കൈക്കൊണ്ട ആശ്വാസ നടപടികൾ എന്തൊക്കെയാണ്: | (എ) സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി കൈക്കൊണ്ട ആശ്വാസ നടപടികൾ ചുവടെ ചേർക്കുന്നു.<br>(i) മരണമടഞ്ഞവരുടെ ആശ്രിതർക്ക് നൽകിവരുന്ന സാമ്പത്തിക സഹായം 50,000/- രൂപയിൽ നിന്നും 1,00,000/- രൂപയായി ഉയർത്തി നൽകിയിട്ടുണ്ട്.<br>(ii)സൗജന്യ വൈദ്യസഹായം സ്വകാര്യ ആശുപത്രികളിലും ലഭിക്കുന്ന സംവിധാനം ഏർപ്പെടുത്തി.<br>(iii) സാമൂഹ്യസുരക്ഷാ മിഷനിലൂടെ എൻഡോസൾഫാൻ ദുരിതബാധിതരായവരുടെ കുടുംബങ്ങളിലെ കുട്ടികളിൽ 2011-12 അദ്ധ്യായന വർഷത്തിൽ 1 മുതൽ 7 വരെ ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് 1000/- രൂപ വീതവും 8 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 2000/- വീതവും 11,12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 2500/-രൂപ വീതവും ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. ടി ധനസഹായം യഥാക്രമം 2000, 3000, 4000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | ധനസഹായം നൽകുകയുണ്ടായോ; എങ്കിൽ എത്രപേർക്ക് ; വിശദാംശങ്ങൾ നൽകാമോ; | (ബി) | ഉണ്ട്. മരണമടഞ്ഞവരുടെ ആശ്രിതർക്ക് സാമ്പത്തിക സഹായം നൽകുന്നതിന്റെ ഭാഗമായി 680 കുടുംബാംഗങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. അതിൽ 600 ഓളം പേരുടെ കുടുംബാംഗങ്ങൾക്ക് 1 ലക്ഷം രൂപ വീതം നൽകുകയുണ്ടായി. ബാക്കിയുള്ളവരുടെ യഥാർത്ഥ അവകാശികളെ കണ്ടെത്തി ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. രോഗബാധിതർക്ക് ചികിത്സാ സഹായം അനുവദിച്ചു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കളക്ടറാണ് ധനസഹായം നൽകുന്നത്.<br><br>വിദ്യാഭ്യാസത്തിനായി ആകെ 2523 കുട്ടികൾക്ക് ധനസഹായം നൽകുകയുണ്ടായി. ഇതിൽ 1580 കുട്ടികൾക്ക് 1000/- രൂപ വീതവും, 687 കുട്ടികൾക്ക് 2000/- രൂപ വീതവും 256 കുട്ടികൾക്ക് 2500/- രൂപ വീതവും ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. ഇതിനുവേണ്ടി മാത്രം സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും 37,70,381/- രൂപചെലവഴിക്കുകയുണ്ടായി. |
| സി) | കാസർഗോഡ് ജില്ലാ ഭരണകൂടം തയ്യാറാക്കിയ അടിസ്ഥാന സൗകര്യ വികസന പാക്കേജിന് അംഗീകാരം നൽകുകയുണ്ടായോ ; | (സി) | ഇല്ല |
| ഡി) | എത്ര രൂപയാണ് ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് ; | (ഡി) | 81 കോടി |
| (ഇ) | ഈ പദ്ധതിയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രധാനപ്പെട്ട കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ഇ) | ജില്ലയിൽ 11 പഞ്ചായത്തുകളിൽ ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, കുടിവെള്ളം, മൃഗസംരക്ഷണം എന്നീ മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളാണ് ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.